**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1476** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കർഷക കേന്ദ്രീകൃത സേവനങ്ങളും വിജ്ഞാനവ്യാപനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ (കെ.വി.കെ.) വഴി കർഷകർക്ക് നൽകുന്ന പരിശീലനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കാർഷിക സർവകലാശാലയുടെ കീഴിൽ ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ആണ് പ്രവർത്തിച്ചു വരുന്നത്. ഇവ മുഖേന വിളസംരക്ഷണം, മൂല്യവർധന, നഴ്സറി മാനേജ്മെന്റ്, കീടരോഗ-കള നിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവകൃഷി, സംരംഭകത്വം, കൃത്യതാ കൃഷി, ഹൈടെക് കൃഷി, ജലസേചന രീതികൾ, പുഷ്പകൃഷി, ഫാം യന്ത്രവൽക്കരണം, തേനീച്ചവളർത്തൽ, കൂൺ കൃഷി, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, മൃഗസംരക്ഷണം, വെർട്ടിക്കൽ ഫാമിംഗ്, പ്രകൃതികൃഷി തുടങ്ങിയ മേഖലകളിൽ കർഷകർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികളും മൂല്യവർധിത ഉൽപ്പന്നങ്ങളും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**(ബി)** മണ്ണ് പരിശോധന, കീടനിയന്ത്രണം, ജൈവകൃഷി എന്നിവയിൽ കർഷകർക്ക് സഹായം നൽകുന്നതിനായി സർവകലാശാല ആരംഭിച്ച ഡിജിറ്റൽ/മൊബൈൽ ആപ്ലിക്കേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ജൈവകൃഷി, കീടനിയന്ത്രണം തുടങ്ങിയ മേഖലകളിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായവും മാർഗനിർദ്ദേശങ്ങളും നൽകുന്നതിനായി സർവകലാശാലയുടെ FEM മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. കൂടാതെ, സർവകലാശാലയുടെ അഗ്രി ഇൻഫോടെക് പോർട്ടൽ മുഖേനയും കാർഷിക വിവരങ്ങളും സേവനങ്ങളും കർഷകരിലേക്ക് എത്തുന്നുണ്ട്.

**(സി)** ഹൈടെക് കൃഷി, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിംഗ് എന്നിവയിൽ പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഹൈടെക് കൃഷി, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിംഗ് തുടങ്ങിയ ആധുനിക കൃഷിരീതികളിൽ കർഷകരുടെ അറിവും നൈപുണ്യവും വർധിപ്പിക്കുന്നതിനായി കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി; സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി; CAITT, വെള്ളായണി; ETC മഞ്ചേശ്വരം; കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ മുഖേന കാർഷിക സർവകലാശാല വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**